## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.224

28-05-2019 ൽ മറുപടിയ്ക്ക്

## കോങ്ങാട് ഫയർസ്റ്റേഷൻ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച കോങ്ങാട് ഫയർ സ്റ്റേഷനുവേണ്ടി മൃഗസംരക്ഷണ വകുപ്പിന്റെയും ആഭ്യന്തര വകുപ്പിന്റെയും സ്ഥലം കൈമാറിയിട്ടും നാളിതുവരെ ടി ഫയർസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ആയതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; | എ) & ബി) | കോങ്ങാട് അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ കോങ്ങാട് I വില്ലേജിൽ റീ-സർവ്വേ നം.305/17 ൽ ഉൾപ്പെട്ട 40 സെന്റ് സ്ഥലം കൈമാറി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം രേഖാമൂലം കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. ആയതിലേയ്ക്കായി പാലക്കാട് തഹസീൽദാരുടെ ഓഫീസിൽ നടപടികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | ഇക്കാര്യത്തിലുള്ള പ്രോഗ്രസ്സ് റിപ്പോർട്ട് ലഭ്യമാക്കുമോ; | | |
| സി) | ടി ഫയർസ്റ്റേഷൻ നിർമ്മാണത്തിന് ഡി.പി.ആർ. ഉം മറ്റ് അനുബന്ധ രേഖകളും സർക്കാരിലേക്ക് സമർപ്പിച്ചിട്ടും നിർമ്മാണം തുടങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് എത്രയും വേഗം ആരംഭിക്കുന്നതിന് ഉത്തരവ് നൽകുമോ? | സി) | സ്ഥലം രേഖാമൂലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ